
# ബൈബിൾ സത്യം



# THE BIBLE TRUTH

# ഒരു വർഷത്തേക്കുള്ള വാക്യപഠനം

| | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മേയ് | ജൂൺ | ജൂലായ് | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|---|---|---|---|---|---|---|---|---|
| ആത്മാവ് നേടൽ | പ്രവൃത്തി 20:20 | മത്തായി 9.37–38 | മത്തായി 5:13 | റോമർ 4:2,3 | 1കൊരിന്ത്യർ 5:58 | മർക്കൊസ് 5:19 | ലൂക്കൊസ് 19.10 | റോമർ 10:1 | സദൃശവാക്യം 1:10 | യാക്കൊ 5:19 | മർക്കൊസ് 1:17 | ലൂക്കൊസ് 15:10 |
| ആത്മസമർപ്പണം | മത്തായി 4:4 | ഫിലിപ്പിയർ 1:21 | റോമർ 12:1,2 | എഫെ 2:10 | ലൂക്കൊസ് 14:27 | മത്തായി 6:33 | മത്തായി 4:10 | മത്തായി 10:37 | കൊലൊസ്യർ 3:17 | ഗലാത്യർ 2:20 | 2കൊരിന്ത്യർ 5:17 | ലൂക്കൊസ് 9:23 |
| ക്രിസ്തീയ ജീവിതം | യോഹന്നാൻ 2:15,16 | 2കൊരിന്ത്യർ 5:17 | 1കൊരിന്ത്യർ 9:13,14 | മർക്കൊസ് 12:30,31 | മത്തായി 23:12 | 2കൊരിന്ത്യർ 6:14,17 | എബ്രായർ 7:8 | മത്തായി 26:41 | മത്തായി 6:6 | എബ്രായർ 10:25 | റോമർ 14:21 | മത്തായി 6:14,15 |
| ദൈവം | എബ്രായർ 11:6 | 1യോഹന്നാൻ 1:5 | യാക്കൊബ് 1:17 | 1യോഹന്നാൻ 4:8 | എബ്രായർ 10:30,31 | 2 തിമൊ 2:13 | 1തിമൊ 2:4 | എബ്രായർ 12:29 | 2 പത്രൊസ് 3:4 | യോഹന്നാൻ 4:24 | ലൂക്കൊസ് 1:37 | പുറപ്പാട് 20:56 |
| ക്രിസ്തു | ലൂക്കൊസ് 24:44 | ലൂക്കൊസ് 2:11 | 1 തിമൊ 1:15 | യോഹന്നാൻ 10:30 | മത്തായി 16:16 | മത്തായി 17:5 | യോഹന്നാൻ 11:25,26 | യോഹന്നാൻ 8:58 | മത്തായി 1:21 | യോഹന്നാൻ 1:29 | ലൂക്കൊസ് 1:32 | യോഹന്നാൻ 8:12 |
| വീണ്ടെടുപ്പ് | യോഹന്നാൻ 16:8 | എഫെസ്യർ 2:8,9 | യോഹന്നാൻ 3:16 | പ്രവൃത്തി 4:12 | 2കൊരിന്ത്യർ 8:4 | റോമർ 6:23 | 2കൊരിന്ത്യർ 5:21 | തിതൊസ് 2:11–14 | റോമർ 3:23 | യെശയ്യാവ് 53:6 | റോമർ 1:16 | റോമർ 4:25 |
| പരിവർത്തനം | റോമർ 6:3–4 | പ്രവൃത്തി 18:8 | ലൂക്കൊസ് 24:46,47 | ഗലാത്യർ 3:27 | പ്രവൃത്തി 2:38 | റോമർ 10:9–10 | 1പത്രൊസ് 3:21 | മർക്കൊസ് 16:15,16 | യോഹന്നാൻ 3:5 | പ്രവൃത്തി 3:19 | മത്തായി 28:19 | പ്രവൃത്തി 22:16 |
| സഭ | യോഹന്നാൻ 10:16 | മത്തായി 3:2 | മത്തായി 4:17 | മത്തായി 10:7 | 1കൊരിന്ത്യർ 1:10 | എഫെസ്യർ 4:11 | എഫെസ്യർ 4:4–6 | മർക്കൊസ് 9:1 | മത്തായി 16:18 | പ്രവൃത്തി 2:47 | 1കൊരിന്ത്യർ 3:11 | റോമർ 16:16 |
| വിവാദം | 2യോഹന്നാൻ 9–11 | യോഹന്നാൻ 17:20,23 | മത്തായി 7:21 | മത്തായി 23:9 | മത്തായി 15:13,14 | ലൂക്കൊസ് 6:46 | മർക്കൊ 7:7 | യാക്കൊ 2:24 | യോഹന്നാൻ 14:6 | യൂദാ 3 | മത്തായി 22:29 | ഗലാത്യർ 1:8–9 |
| തീരുമാനം | മത്തായി 25:46 | മത്തായി 23:37 | 2കൊരി 5:10 | യോഹന്നാൻ 1:11,12 | മത്തായി 7:13,14 | മത്തായി 6:19,20 | മത്തായി 11:28–30 | ഗലാത്യർ 6:7,8 | മർക്കൊസ് 8:36 | യോഹന്നാൻ 6:27 | മത്തായി 12:30 | ലൂക്കൊസ് 12:15 |

# THE BIBLE TRUTH

**Editors**

**P. K. VARGHESE** **J. C. CHOATE**

*000* *000* *000*

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 15** **August 2001** **No. 5**


## എഡിറ്റോറിയൽ

അസാധാരണ സംഭവങ്ങൾ പലപ്പോഴും നമ്മുടെ മനസിനെ ഉലയ്ക്കാറുണ്ട്. ശാസ്ത്രകാരന്മാർ അതിനെകുറിച്ച് അന്വേഷണവും ഗവേഷണവും നടത്താറുണ്ട്. അവസാനം അവർ ഏതെങ്കിലും ഒരു ഊഹാപോഹത്തിൽ ചെന്നെത്തും. പിന്നീട് വേറൊന്നു സംഭവിക്കുന്നതുവരെ ഇത്തരം കാര്യങ്ങൾ അടഞ്ഞ അദ്ധ്യായങ്ങളാണ്. അത്ഭുത പ്രതിഭാസങ്ങൾ പല രീതിയിലും ഭാവത്തിലും കാണപ്പെടാറുണ്ട്. ഒന്നോ അതിലധികമോ പ്രദേശങ്ങളിൽ ഒരേ സമയത്തോ മാറി മാറിയോ ഇതുണ്ടാവുന്നുണ്ട്. ഇതെന്തെന്നറിയാൻ സാധാരണക്കാർ, വിവരമുണ്ടെന്നു ധരിച്ചിരിക്കുന്നവരുടെ അടുക്കൽ പോകും. അവർ കൊടുക്കുന്ന ന്യായീകരണത്തിൽ അവർ തൃപ്തരാകും. അതിനപ്പുറം അവരുടെ ചിന്തകൾ പോകാറില്ല. പിശാചു ബാധയെന്നു പറഞ്ഞു പരത്തുന്നവരും ഇല്ലാതില്ല. മനുഷ്യർ ഇതിനെ എങ്ങനെ കാണുന്നു ? അവരുടെ പ്രതികരണം എന്ത് എന്നു മനസിലാക്കുന്നതിനേക്കാൾ ഇതിലെ സത്യ വസ്തുതയും ഉദ്ദേശവും നാം യാഥാർത്ഥ്യ ബോധത്തോടെ തിരിച്ചറിയണം. ഏതൊന്നിന്റേയും ഉത്ഭവം കണ്ടെത്തണം. അപ്പോൾ കാരണവും മനസിലാക്കാം.

അടുത്ത സമയത്തു ചില കിണറുകൾ തനിയെ നികന്നു വരികയും മററു ചിലതു താഴ്ന്നുപോകയും ചെയ്യുകയുണ്ടായി. അതു ഉരുൾപൊട്ടലിന്റെ ഭാഗമായിട്ടു അതി

ന്നെ കാണുകയുണ്ടായി. എന്തായിരുന്നാലും പെട്ടെന്നു ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രാപഞ്ചിക മാററം ആളുകളെ ഭയപ്പെടുത്തുന്നുണ്ട് എന്നതു വാസ്തവമാണ്. വേറൊരു സംഭവം, ചുവന്ന മഴയാണ്. ചുവന്ന നിറത്തിലുള്ള മഴ അസാധാരണമായ ഒന്നു തന്നെയാണ്. പല സ്ഥലങ്ങളിൽ ഈ ചുവന്ന മഴ പെയ്തു. ആളുകൾ അതു ശേഖരിച്ചു വെച്ചു. പരീക്ഷണം നടത്തിയവർ അന്തരീക്ഷ മലിനീകരണം, രാസ പ്രതിഭാസം, ഉൽക്ക എന്നിങ്ങനെയാണ് അതിനെ വിലയിരുത്തിയത്. വ്യക്തമായ കാരണം നാം ഇതിനു കണ്ടെത്തണം. അതെങ്ങനെ എന്നു നമുക്കു പരിശോധിക്കാം. ഏതൊരു ശാസ്ത്രവും ദൈവ ജ്ഞാനത്തിനപ്പുറമല്ല. ആകയാൽ സത്യം പരിശോധിച്ച് മനസിലാക്കണം. അതിനായി സത്യ വേദ പുസ്തകത്തിലേക്കു തിരിയണം. ആളുകളുടെ ജീവിത രീതികൾ ഇന്നു ദൈവത്തെ അത്യധികമായി കോപിപ്പിക്കുന്നുണ്ട്. ദൈവം മനുഷ്യരിൽ നിന്നു പ്രതീക്ഷിക്കാത്ത പ്രതികരണം കാണുമ്പോൾ ദൈവം ജനങ്ങളെ മുന്നറിയിക്കും.

ദൈവ കോപം അനുസരണം കെട്ടവരുടെ മേൽ വരും. കഠിന ഹൃദയരായ ആളുകൾ മാനസാന്തരപ്പെട്ടു അവരുടെ പ്രവർത്തികൾ തിരുത്തുവാനാണ് ദൈവം ഇങ്ങനെ ഓരോ അടയാളങ്ങൾ പ്രദർശിപ്പിക്കുന്നത്. ആരും നശിച്ചുപോകണമെന്നു ദൈവത്തിനു ആഗ്രഹമില്ല. എല്ലാവരും രക്ഷ പ്രാപിക്കണമെന്നാണ് അവൻ ഇച്ഛിക്കുന്നതു. ആളുകൾ ദൈവത്തിലേക്കു തിരിയണം. മിഥ്യാബോധമോ അന്ധവിശ്വാസമോ അല്ല വേണ്ടതു. കാര്യകാരണ സഹിതം സത്യം വെളിപ്പെടുത്തിയിരിക്കുന്ന ബൈബിൾ വായിച്ചു ഗ്രഹിക്കണം. ദൈവത്തിന്റെ അരുളപ്പാടുകളെ അവഗണിച്ചിരിക്കുന്ന മനോഭാവം മാററുക. സത്യത്തെ ഉൾക്കൊള്ളുവാൻ തടസമായി നില്ക്കുന്നതിനെ നീക്കം ചെയ്യുക.

★

# യേശുക്രിസ്തു ഭൂമിയിൽ വരുമ്പോൾ വിശ്വാസം കണ്ടെത്തുമോ ?

**J. C. ചേട്ട്**

നല്ല ഗുണപാഠങ്ങൾ പഠിപ്പിച്ചശേഷം യേശു ചോദിക്കുന്ന ഒരു ചോദ്യമാണിത്. എന്നാൽ മനുഷ്യ പുത്രൻ വരുമ്പോൾ അവൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ എന്നു കർത്താവു പറഞ്ഞു (ലൂക്കൊസ് 18:8). ഇതു താല്പര്യപൂർവ്വകമായ ഒന്നാണ്. ഇതിനു തിരുവെഴുത്തു നല്കുന്ന മറുപടി ശ്രദ്ധിക്കുക.

ആ ചോദ്യത്തിൽ കർത്താവു വീണ്ടും വരുമെന്ന് ഊന്നി പറയുന്നുണ്ട്. അവൻ ഭൂമിയിൽ വരുമെന്നു പറയുന്നില്ല. പക്ഷെ ആ സമയത്തു ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ എന്നതാണ് ചോദ്യം. അവൻെറ വീണ്ടും വരവിനെ വ്യക്തമാക്കുന്ന തിരുവെഴുത്തുകൾ ഉണ്ട്. അവൻ പോയതുപോലെ തിരിച്ചു വരും എന്നാണ് മുന്നറിയിപ്പിരിക്കുന്നതു. ആകാശമേഘത്തിൽ അവൻ പ്രത്യക്ഷനാകും എന്നു ഓർപ്പിച്ചിട്ടുണ്ട് (യോഹന്നാൻ 14:1-4; പ്രവൃത്തി 1:9-11; 1 തെസ്സലൊനിക്യർ 4:17).

കർത്താവിൻെറ വരവിൽ ആളുകളിൽ വിശ്വാസമുണ്ടാകുമോ എന്നല്ല. അവൻ വരുന്ന സമയത്തു ഭൂമിയിലുള്ള ആളുകൾക്കു ദൈവ വിശ്വാസം ഉണ്ടാകുമോ എന്നതാണ് ചോദ്യം. കാരണം ദൈവ വിശ്വാസമാണല്ലൊ ആളുകൾക്കു ദൈവത്തെ അനുസരിക്കാൻ അവരെ പ്രേരിപ്പിക്കുന്നതു; വിശ്വാസമില്ലെങ്കിൽ ആളുകൾ ദൈവത്തെ അനുസരിക്കയില്ല. അനുസരണമില്ലെങ്കിൽ അവർ കർത്താവിൻെറ രക്ഷയെ അവഗണിക്കും. അങ്ങനെ വരുമ്പോൾ അവർ കർത്താവിൻെറ വരവിനായി ഒരുങ്ങുകയുമില്ല. ഭൂമിയിൽ

അന്നു എത്ര പേർക്കു വിശ്വാസം ഉണ്ടാകും ? അഥവാ അന്നു ഭൂമിയിൽ ആരിലെങ്കിലും വിശ്വാസം കണ്ടെത്തുമോ ?

ഇതിനുത്തരം ലഭിക്കുവാനായി പഴയ നിയമത്തിലെ ദാനിയേലിന്റെ ഒരു പ്രസ്താവന നോക്കേണ്ടിയിരിക്കുന്നു. ദൈവത്തിന്റെ പ്രവാചകൻ പ്രവചിച്ചതു: ഈ രാജാക്കന്മാരുടെ കാലത്തു സ്വർഗ്ഗസ്ഥനായ ദൈവം ഒരു നാളും നശിച്ചു പോകാത്ത ഒരു രാജത്വം സ്ഥാപിക്കും; ആ രാജത്വം വേറൊരു ജാതിക്കു ഏല്പിക്കപ്പെടുകയില്ല; അതു ഈ രാജത്വങ്ങളെ ഒക്കെയും തകർത്തു നശിപ്പിക്കയും എന്നേക്കും നിലനില്ക്കുകയും ചെയ്യും (ദാനിയേൽ 2:44). ലോകപ്രകാരമുള്ള നാലു രാജ്യങ്ങളെ ഈ സന്ദർഭത്തിൽ ദാനിയേൽ സൂചിപ്പിച്ചിട്ടുണ്ട്. അവ, ബാബേൽ രാജത്വം, മേദ്യ-പാർസി രാജത്വം, യവന രാജത്വം, റോമാ സാമ്രാജ്യം എന്നിവയാണ്. അവൻ പ്രസ്താവിച്ചതു റോമാ രാജാക്കന്മാരുടെ കാലത്തു ദൈവം, ഒരിക്കലും നശിച്ചു പോകാത്ത ഒരു രാജ്യം സ്ഥാപിക്കും; അതു എന്നേക്കും നിലനില്ക്കുകയും ചെയ്യും. ദാനിയേൽ പ്രവചിച്ച നാലു രാജ്യത്വങ്ങൾ ലോകത്തിലെ അവസാന രാജ്യത്വങ്ങളാണ്. എന്നാൽ റോമാ സാമ്രാജ്യം നിലനില്ക്കുമ്പോഴാണ് ദൈവം തന്റെ ശക്തമായ രാജ്യം സ്ഥാപിക്കുന്നതു. അതു ആത്മിക രാജ്യമാണ്.

യേശുവിന്റെ ജനനത്തേയും അവന്റെ രാജ്യത്തെയും കുറിച്ച് ലൂക്കൊസ് വിവരിക്കുന്നതു: അവൻ വലിയവൻ ആകും; അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും; കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവനു കൊടുക്കും. അവൻ യാക്കോബ് ഗൃഹത്തിനു എന്നേക്കും രാജാവായിരിക്കും; അവന്റെ രാജ്യത്തിന്നു അവസാനം ഉണ്ടാകയില്ല എന്നു പറഞ്ഞു. തുടർന്നു യോഹന്നാൻ സ്നാപകൻ ദൈവരാജ്യം ആസന്നമായിരിക്കുന്നു എന്നു പ്രസംഗിച്ചു (മത്തായി 3:2). യേശു,

യോഹന്നാനാൽ സ്നാനം ഏല്ക്കുകയും ചെയ്തു. അതിനുശേഷം ദൈവരാജ്യം അടുത്തിരിക്കുന്നതായി പ്രസംഗിച്ചു (മത്തായി 4:17). പുരുഷാരത്തോടു കർത്താവു പറഞ്ഞതു: ദൈവ രാജ്യം ശക്തിയോടുകൂടി വരുന്നതു അന്നു ജീവനോടിരിക്കുന്ന ചിലർ കാണും എന്നായിരുന്നു (മർക്കൊസ് 9:1). അതിൻെറ അർത്ഥം, ആ തലമുറയിൽ തന്നെ ദൈവരാജ്യം വരണമായിരുന്നു എന്നതാണ്. പിന്നീടു യേശു, ദൈവ പുത്രനാണെന്ന വസ്തുതയിന്മേൽ തൻെറ സഭ അഥവാ രാജ്യം പണിയുമെന്നു ഉറപ്പു നല്കുകയും ചെയ്തു (മത്തായി 16:18).

യേശു മരിച്ച് അടക്കപ്പെട്ടു ഉയിർത്തെഴുന്നേററശേഷം ആ വാഗ്ദാനം നിറവേറുകയുണ്ടായി. അപ്പൊസ്തലന്മാർ യെരുശലേമിൽ കൂടിയിരുന്നപ്പോൾ അവരിൽ ശക്തി പകരുകയുണ്ടായി. കൃത്യമായി പറഞ്ഞാൽ യേശുവിൻെറ ഉയിർപ്പിനുശേഷമുള്ള ആദ്യത്തെ പെന്തെകൊസ്തു നാളിലാണ് അതു സംഭവിച്ചതു. ആ ശക്തി അവരെ അന്നു കൂടിയവരുടെ ഭാഷയിൽ സംസാരിപ്പാൻ അവരെ ശക്തീകരിച്ചു. ആദ്യമായി സുവിശേഷം പ്രസംഗിക്കപ്പെട്ടു. അന്നു മൂവായിരം പേർ ദൈവ കല്പനയനുസരിച്ചു സ്നാനമേററു കർത്താവിൻെറ സഭയോടു ചേർക്കപ്പെട്ടു (പ്രവൃത്തി 2). അന്നു മുതൽ ദൈവ രാജ്യമെന്ന സഭ നിലവിൽ വന്നു. ഫിലിപ്പൊസ് എന്ന സുവിശേഷകൻ, ദൈവ രാജ്യത്തെ കുറിച്ചു പ്രസംഗിച്ചിരുന്നു. കൊലൊസ്യർക്കു ലേഖനമെഴുതുമ്പോൾ പൌലൊസ് പറഞ്ഞതു; അവരെ ഇരുട്ടിൻെറ അധികാരത്തിൽ നിന്നു വിടുവിച്ചു ദൈവ രാജ്യത്തിലാക്കി വെച്ചിരിക്കുന്നു എന്നാണ് (കൊലൊസ്യർ 1:13-14).

സഭ അല്ലെങ്കിൽ രാജ്യം ഒന്നാം നൂററാണ്ടിൽ വേഗത്തിലാണ് വളർന്നതു. എങ്കിലും ചിലർവിശ്വാസത്തിൽ നിന്നു വീണുപോകുമെന്നു മുന്നറിയിച്ചിരുന്നതു സംഭവിക്കയുണ്ടായി (2 തെസലൊനിക്യർ 2). മിക്ക സഭകളും വീണു

പോയി. എന്നാൽ എല്ലാം വീണുപോയില്ല. കർത്താവിന്റെ രാജ്യമാകുന്ന സഭ ഒരിക്കലും നശിച്ചു പോകയില്ല എന്ന പ്രവചനം ഓർമ്മിക്കുമല്ലോ. ശേഷിച്ചവർ ക്രിസ്ത്യാനികളായി തന്നെ ജീവിച്ചു. പക്ഷെ ഭൂരിപക്ഷം കത്തോലിക്കാ സഭ എന്നറിയാൻ തുടങ്ങി. ആയിരത്തിഅഞ്ഞൂറുകളിൽ നവോത്ഥാനവും എതിർ പ്രസ്ഥാനങ്ങളും ഉണർന്നെഴുന്നേററു. അതിന്റെ ഫലമായിട്ടുണ്ടായതാണ് ഇന്നുവരെയുള്ള എല്ലാ നാമധേയ വിഭാഗങ്ങളും. എന്നാൽ കർത്താവിന്റെ സഭയോ ? അതു എല്ലാററിലും മുകളിലായി ലോകത്തിലെ എല്ലാ രാജ്യങ്ങളിലുമായി തുടർന്നു വന്നു.

പക്ഷെ കർത്താവിന്റെ വരവിൽ ഭൂമിയിൽ വിശ്വാസം കാണുമോ ? കർത്താവിന്റെ സഭയുണ്ടാകും. അന്നു ജീവനോടെ ശേഷിക്കുന്ന സഭയിലുള്ളവർക്കു രൂപാന്തരം സംഭവിക്കയും കർത്താവിനെ എതിരേല്ക്കാൻ അവർ മേഘങ്ങളിൽ എടുക്കപ്പെടുകയും ചെയ്യും. പൊതുവായ പുനരുത്ഥാനവും ന്യായവിധിയും ഉണ്ടാകും. ദൈവരാജ്യമാകുന്ന സഭ, കർത്താവ് പിതാവിനു ഏല്പിച്ചുകൊടുക്കും. അങ്ങനെ നാം എന്നേക്കും കർത്താവിനോടുകൂടെ വാഴും (1 തെസലൊനിക്യർ 4:12; യോഹന്നാൻ 5:28-29; എബ്രായർ 9:27; 1 കൊരിന്ത്യർ 15:24).

കർത്താവു വീണ്ടും വരുമ്പോൾ നിങ്ങൾ എവിടെയായിരിക്കും ? ഒരു പക്ഷെ മരിച്ച് ഉയിർത്തെഴുന്നേല്പിനു വേണ്ടി കാത്തിരിക്കയാകാം. അല്ലെങ്കിൽ നഷ്ടപ്പെട്ട അവസ്ഥയിലോ രക്ഷിക്കപ്പെട്ട അവസ്ഥയിലോ ആകാം. നിങ്ങൾ അവനെ അനുസരിച്ച് അവന്റെ വരവിനായി ഒരുങ്ങിയിട്ടുണ്ടെങ്കിൽ മേഘത്തിൽ എടുക്കപ്പെടും. രക്ഷിക്കപ്പെട്ടിട്ടില്ലെങ്കിൽ, പുനരുത്ഥരിക്കപ്പെടുന്ന മററുള്ളവരുടെ കൂട്ടത്തിൽ അകപ്പെട്ടു ന്യായവിധിക്കു ശേഷം നിത്യശിക്ഷാവിധി അനുഭവിക്കും.

★

# പൗലൊസിൻെറ സുവിശേഷ പ്രഖ്യാപനം

## ഫ്രെഡ് ഡില്ലൻ

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

വിശ്വസിക്കുന്ന ഏവർക്കും രക്ഷ പ്രാപിക്കുവാൻ അവൻ നല്കിയ ശക്തിയാണ് സുവിശേഷം (റോമർ 1:16). ഈ സുവിശേഷം സകല മനുഷ്യരും അനുസരിക്കണം. അല്ലെങ്കിൽ അതിൻെറ അനന്തര ഫലം അനുഭവിക്കേണ്ടിവരും. നിത്യശിക്ഷാവിധിയായിരിക്കും പിന്നീട് ലഭിക്കുന്നതു (2 തെസലൊനിക്യർ 1:7-9). ക്രിസ്തുവിനെ പിൻപററുവാൻ ആളുകളെ വിളിക്കുന്നതു സുവിശേഷത്താലത്രെ (2 തെസലൊനിക്യർ 2:14). ദൈവ മഹത്വം നമ്മിൽ തരണമെങ്കിൽ നാം കർത്താവിൻെറ സുവിശേഷം അനുസരിക്കണം. എന്നേക്കും നിലനില്ക്കുമെന്ന വചനം ഈ സുവിശേഷമാണ് (1 പത്രൊസ് 1:25). പാരമ്പര്യവും മനുഷ്യൻെറ തത്വജ്ഞാനവും അങ്ങനെയല്ല; അവ ഇല്ലാതാകും (കൊലൊസ്യർ 2:8). മനുഷ്യരുടെ ഉപദേശങ്ങളും കല്പനകളും വൃഥാവത്രെ (മർക്കൊസ് 7:7).

ഈ ജീവിത യാത്രയിൽ എന്നെങ്കിലും രക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവർ ഈ സുവിശേഷവുമായി ബന്ധപ്പെടണം. കാരണം, രക്ഷ, വീണ്ടെടുപ്പ്, പാപമോചനം, പ്രത്യാശ എന്നിവ എല്ലാം സുവിശേഷത്തിൽ അടങ്ങിയിരിക്കുന്നു. ഹൃദയ പൂർവ്വം അവർ ദൈവത്തിൻെറ നല്കപ്പെട്ട ഉപദേശരൂപം അനുസരിക്കണം (റോമർ 6:17). പാപത്തിൽ നിന്നും മരണത്തിൽ നിന്നും എങ്കിൽ മാത്രമെ അവർക്കു മോചനം ഉള്ളു. ശിക്ഷ ഒഴിവാക്കി കിട്ടുവാൻ മററൊരു മാർഗ്ഗമില്ല. ആ സന്ദേശത്തെ വിശ്വാസ പൂർവ്വം അനുസരിക്കണം. ആരുടേയും നിർബന്ധത്താലാകരു

ത്. ഒരേ ഒരു ലക്ഷ്യമായിരിക്കണം മുന്നിൽ. ഭൗതികമായ യാതൊരു ഉപദേശവും ഈ കാര്യത്തിൽ പാടില്ല. അങ്ങനെയായാൽ സ്വാതന്ത്ര്യം പൂർണ്ണമാകും.

പാപത്തിൽ നിന്നു മോചനം നേടുക എന്നാൽ പിശാചിന്റെ തന്ത്രങ്ങളിൽ നിന്നും അവന്റെ അടിമത്വത്തിൽ നിന്നും മോചനം നേടുക എന്നതാണ്; അന്ധകാരമാണ് പാപം ഉള്ളവരിൽ ഉള്ളത്. അതിൽ നിന്നു വിടുവിച്ച് പ്രകാശത്തിലേക്കു കൊണ്ടു വരുവാനത്രേ യേശു മരിച്ചത്. ദൈവ രാജ്യമെന്നതു വെളിച്ചമാണ്. അവിടെ നീതിയാണുള്ളത്. എന്നാൽ മുൻപ് നാം ദൈവമില്ലാത്തവരും, പാപത്തിനും അന്യായത്തിനും അധീനരായി ജീവിച്ചിരുന്നു. എന്നാൽ പാപമോചനം ലഭിച്ചു കഴിഞ്ഞാൽ നീതിക്കു ദാസന്മാരായി മാറുന്നു (റോമർ 6:18). എന്താണതിന്റെ അർത്ഥം ? അധർമ്മമോ അനീതിയോ നമ്മിൽ വാഴാതിരിക്കുന്നു. ദൈവത്താലുള്ള നീതീകരണം സുവിശേഷത്തിൽ വിശ്വസിക്കുമ്പോഴാണ് നടക്കുന്നത്. അനുസരണം വിശുദ്ധീകരണത്തിലേക്കു നയിക്കുന്നു.

സുവിശേഷത്തിനു പ്രാധാന്യവും ഊന്നലും കൊടുത്തു സംസാരിക്കയും എഴുതുകയും ചെയ്തിരിക്കുന്നു. ഞാൻ സുവിശേഷം പ്രസംഗിക്കുന്നു എങ്കിലും പ്രശംസിപ്പാൻ എന്നിൽ ഒന്നുമില്ല എന്നു പൌലൊസ് പറയുന്നു. കാരണം അവൻ പ്രസംഗിച്ച സുവിശേഷം ക്രിസ്തുവിന്റേതാണ്. സുവിശേഷം ഭരമേല്പിച്ച ദൈവത്തോടാണ് അവൻ കടപ്പെട്ടിരിക്കുന്നത്. അതുകൊണ്ടു അവൻ പറഞ്ഞു: ''ഞാൻ സുവിശേഷം അറിയിച്ചില്ല എങ്കിൽ എനിക്കു അയ്യോ കഷ്ടം'' എന്ന്. ആളുകൾ സുവിശേഷം എന്ത് എന്നു അറിയുവാൻ അതു കേൾക്കണം. കേൾക്കണമെങ്കിൽ പ്രസംഗിക്കണം.

★

# ക്രിസ്തുവിനോടു കൂടെയുള്ള വീണ്ടും ജനനം

## വാൾട്ടർ സ്വെയിൻ

പുതുതായ ജനനം, ആത്മിയ ജനനം എന്നൊക്കെ പറഞ്ഞാൽ അതറിയാത്തവർ ധാരാളമുണ്ട്. അതിനെ സംബന്ധിച്ച് തികഞ്ഞ സത്യം അറിയാത്തവർ പിന്നെയുമുണ്ട്. യേശുക്രിസ്തു വിവരിച്ചു കൊടുത്ത വീണ്ടും ജനനമാണ് മനുഷ്യരിൽ ഉണ്ടാകേണ്ടതു. ഒരിക്കൽ യെഹൂദന്മാരുടെ ഒരു പ്രമാണിയായിരുന്ന നിക്കൊദെമോസ് എന്നൊരാൾ യേശുക്രിസ്തുവിന്റെ അടുക്കൽ ഒരു രാത്രി വന്നു. ദൈവ രാജ്യത്തിൽ പ്രവേശിക്കേണ്ടതിനു വീണ്ടും ജനിക്കേണ്ടതിന്റെ ആവശ്യകതയെ അവൻ അവനെ പഠിപ്പിച്ചു (യോഹന്നാൻ 3:1-5). എപ്പോഴാണ് എങ്ങനെയാണ് അതു സംഭവിക്കുക എന്നതു വിശദമായി ചർച്ച ചെയ്യേണ്ടിയിരുന്നു. അന്നു മുതൽ ഇന്നു വരെ ഈ വിഷയത്തിന്മേൽ ചർച്ചകൾ നടന്നു വരുന്നുണ്ട്. യേശുവുമായി നേരിട്ടു സംസാരിച്ചിട്ടും നിക്കൊദേമോസിനു മനസിലായില്ല. അതുകൊണ്ടു അവൻ വീണ്ടും അതു അവനു വിശദീകരിച്ചു കൊടുത്തു. വീണ്ടും ജനനത്തിന്റെ അർത്ഥം ശരിയായി മനസിലാക്കാത്തവർ ഇന്നുമുണ്ട്.

സ്വാഭാവികമായി ഒരു യഹൂദ കുടുംബത്തിൽ ജനിച്ചു വളരുന്ന കുട്ടി യഹൂദനാണ്. അതു ഭൗതിക ജനനത്താൽ കിട്ടുന്ന ജന്മാവകാശമാണ്. അതാണ് നിക്കൊദെമോസിലുണ്ടായിരുന്ന മതപരമായ അറിവ്. ഒരു യഹൂദൻ അങ്ങനെ ജനിച്ച് യഹൂദനായി തീരുന്നു. ജാതിയിൽ പെട്ടവർ ജാതിയായി ജനിച്ച് അങ്ങനെ അറിയപ്പെടുന്നു. എന്നാൽ യേശു അവനോടു ഒരു പുതിയ ആശയമാണ് പറയുന്നതു. ഭൗതികമായ ജനനത്തെ കുറിച്ച് അല്ല, ആത്മിക ജനനത്തെ കുറിച്ചാണ് താൻ സംസാരിച്ചതെന്നു യേ

ശു അവനോടു പറഞ്ഞു. ആ ജനനം വെള്ളത്താലും ആത്മാവിനാലും ആകണം എന്നും അവൻ വ്യക്തമാക്കി (യോഹന്നാൻ 3:5). അതു കൂടുതൽ മനസിലാക്കുവാൻ ഒരു ചിത്രീകരണവും കൊടുക്കുന്നുണ്ട്. കാററ് എവിടെ നിന്നു വരുന്നു എന്നു നാം അറിയുന്നില്ല. എങ്കിലും അതിൻെറ ഫലം നാം അനുഭവിക്കുന്നു. അതുപോലെയാണ് ആത്മാവിനാലുള്ള ജനനം. അതിൻെറ ഫലം പുറപ്പെടുന്നതിനാൽ നമുക്ക് തിരിച്ചറിയാം.

വീണ്ടും ജനനം എന്നതു ഒരു വ്യക്തിയുടെ ആത്മീയ അനുഭവമാണ്. അസാധാരണമായ ഒരനുഭവം യാദൃശ്ചികമായി വരുന്നു എന്നു പറയുന്നതല്ല ഇതു. ദൈവ രാജ്യമാകുന്ന കർത്താവിൻെറ സഭയിലേക്കു ആത്മീയമായി പ്രവേശിക്കുവാൻ ഒരാശം വീണ്ടും ജനിക്കണം. ഒരാശം ക്രിസ്ത്യാനിയായി തീരുന്നതു മാതാപിതാക്കളുടെ കുടുംബത്തിൽ ജനിച്ചു വളർന്നുവെന്ന വംശാവലിയനുസരിച്ചല്ല. പരമ്പരാഗതമായി കൈമാറി കിട്ടുന്നതല്ല ക്രിസ്ത്യാനിത്വം. ക്രിസ്തീയ കുടുംബത്തിൽ ജനിച്ചു വളർന്നു വന്നതുകൊണ്ടു ക്രിസ്ത്യാനിയായതാണ് എന്നു വിശ്വസിക്കുന്നവരാണ് നാമധേയ വിഭാഗങ്ങളിൽ ഉള്ളവർ. തിരുവെഴുത്തു പറഞ്ഞിരിക്കുന്നതു അങ്ങനെയല്ല. ഒരാശം സ്വയമായി കാര്യങ്ങശം ഗ്രഹിച്ച് നടത്തുന്ന തിരഞ്ഞെടുപ്പും പ്രവർത്തിയും അനുസരിച്ചാണ് ഒരു വ്യക്തി അങ്ങനെ ആയി തീരുന്നത്.

മൂന്നു കാര്യങ്ങശം മുഖ്യമായി ആത്മീയ ജനനത്തിൽ ഉശംപ്പെട്ടിരിക്കുന്നു. അവ ഓരോന്നായി നമുക്കു പരിഗണനക്കെടുക്കാശം.

ഒന്നാമതായി ഒരു മരണം സംഭവിക്കണം. മരണമെന്നതു ഇവിടെ ഭൗതികമല്ല. പദത്തിൻെറ അർത്ഥം വേർപാട് എന്നാണ്. പാപത്തിൽ നിന്നുള്ള വേർപാടാണ് വേണ്ടതു. ലോകത്തിൽ നിന്നുള്ള വേർപാട് സംഭവിക്കണം.

ലോകത്തിൽ പാപമാണ് നിറഞ്ഞു നില്ക്കുന്നത്. ഈ വേർതിരിയലിനെ കുറിച്ച് പൌലൊസ് തൻെറ വ്യക്തിപരമായ അനുഭവത്തെ ചൂണ്ടികാണിച്ചു പറഞ്ഞിട്ടുണ്ട് (ഗലാത്യർ 2:20). പാപ സ്വഭാവത്തെ ശരീരത്തിൽ മരിപ്പിക്കണം. ശാരീരികമായ പാപ ചിന്തയെയും പ്രവർത്തിയേയും ഉപേക്ഷിക്കണം (കൊലൊസ്യർ 3:3). പരിവർത്തനത്തിലാണ് ഇതു സംഭവിക്കുന്നത്. ക്രിസ്തുവിൻെറ മരണം, അടക്കം, ഉയിർപ്പ് എന്നിവയിൽ പങ്കുകാരനാകണം, ഒരാം ക്രിസ്ത്യാനിയായി തീരാൻ എന്നു വചനം വ്യക്തമാക്കുന്നു. ക്രിസ്തുവിൻെറ പ്രവർത്തിയോടു നാം ഏകീഭവിക്കണമെന്നതാണ് ദൈവ വ്യവസ്ഥ. മരിച്ചവരെയാണല്ലൊ നാം അടക്കം ചെയ്യുന്നത്. ശരിയായ മരണം സംഭവിച്ചാൽ അതിൻെറ ഫലം കാണുക തന്നെ ചെയ്യും.

അടുത്തതായി അടക്കം സംഭവിക്കുന്നു. യേശുവിൻെറ മരണശേഷം അവൻെറ ജഡം അടക്കം ചെയ്തു. മറവു ചെയ്യുക, മൂടുക എന്നതാണ് ഈ വാക്കിൻെറ അർത്ഥം. ഒരു മൃതശരീരത്തെ നാം പൂർണ്ണമായി കുഴിച്ചിടുന്നു. ഒരു ഭാഗം മാത്രമല്ല, ശരീരം മുഴുവൻ അടക്കം ചെയ്യുന്നു. ഭൌതികമായി ഒരാം മരിച്ചാൽ അടക്കം ചെയ്തില്ലെങ്കിൽ ആ ശരീരം അഴുകി ദുർഗന്ധം വമിക്കാൻ തുടങ്ങും. അതൊഴിവാക്കുവാൻ നാം ശരീരത്തെ അടക്കം ചെയ്യുന്നു. പാപ സംബന്ധമായി മരിച്ചവരേയും നാം അടക്കം ചെയ്യണം. കഴിഞ്ഞ കാല പാപങ്ങളെ മൂടി കളയുവാൻ, മറച്ചു കളവാൻ ആണ് ഇങ്ങനെ ചെയ്യുന്നത്. അതുകൊണ്ടു ക്രിസ്തുവിൻെറ മരണത്തിൽ പങ്കാളികളായി തീർന്നവർ അവൻെറ അടക്കത്തിലും പങ്കുകാരാകണം. വെള്ളമാകുന്ന കല്ലറയിലാണ് പാപ സംബന്ധമായി മരിച്ചവരെ അടക്കം ചെയ്യുന്നത്.

പഴയ മനുഷ്യനെയാണ് വെള്ളത്തിൽ അടക്കം ചെയ്യുന്നതു. അങ്ങനെ ചെയ്തില്ല എങ്കിൽ പുതിയ മനുഷ്യൻ ആകാൻ സാദ്ധ്യമല്ല (റോമർ 6:6). ജീവൻെറ പുതുക്ക

ത്തിൽ നടക്കേണ്ടതിനാണ്. പഴയ മനുഷ്യനെ അടക്കം ചെയ്യുന്നത്. സ്നാനപ്പെടുന്ന ഒരാൾ വെള്ളത്തിനടിയിൽ പോകുമ്പോഴാണ് ഇതു സംഭവിക്കുന്നത്. വെള്ളം കോരി ഒഴിച്ചോ, തളിച്ചോ സ്നാനപ്പെടുത്തുമ്പോൾ പൂർണ്ണമായി മൂടപ്പെടുന്നില്ല. അടക്കം നടക്കുന്നു എന്നു അതിനെ പറയാൻ പററുകയില്ല. പ്രവൃത്തികളുടെ പുസ്തകം എട്ടാം അദ്ധ്യായത്തിൽ ഐത്യോപ്പ്യനായിരുന്ന ഷണ്ഡൻ സ്നാനമേല്ക്കുന്നതു വെള്ളത്തിൽ ഇറങ്ങിയാണ്. സ്നാനം അടക്കമാണെന്നു അപ്പൊസ്തലനായിരുന്ന പൌലൊസ് പറഞ്ഞിട്ടുണ്ട് (കൊലൊസ്യർ 2:12). സ്നാനം എന്ന വാക്കിന്റെ മൂല ഭാഷയിലെ അർത്ഥവും അതാണ് സൂചിപ്പിക്കുന്നത്. നിമജ്ജനം അഥവാ മുങ്ങൽ എന്നാണ് അതിന്റെ അർത്ഥം.

മൂന്നാമതായി ഒരു ഉയിർത്തെഴുന്നേല്പ് സംഭവിക്കണം. ഒരിക്കൽ നാം നമ്മുടെ അതിക്രമങ്ങളാൽ ദൈവത്തിൽ നിന്നു അകന്നു പോയവരാണ്. നമ്മെ ആ അവസ്ഥയിൽ നിന്നു രക്ഷിപ്പാനാണ് ക്രിസ്തു വന്നതു. അവൻ മരിച്ചു, അടക്കപ്പെട്ടു, മൂന്നാം നാൾ ഉയിർത്തെഴുന്നേററു. അവനെ ദൈവം മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ചതു നമ്മെയും ഉയിർപ്പിക്കേണ്ടതിനത്രെ. പക്ഷെ ആ ഉയിർപ്പ് സാദ്ധ്യമാകണമെങ്കിൽ നാം അവന്റെ പുനരുത്ഥാനത്തോടു ഏകീഭവിക്കണം. എഫേസ്യർക്കു ലേഖനമെഴുതുമ്പോൾ പൌലൊസ് അവരുടെ ഉയിർത്തെഴുന്നേല്പിനെ ഓർപ്പിക്കുന്നുണ്ട്. ക്രിസ്തുയേശുവിൽ ആയി തീർന്നതോടെ അവർ അവനോടുകൂടെ ഉയിർത്തെഴുന്നേററു (എഫെസ്യർ 2:5-6). ഒന്നാം പുനരുത്ഥാനത്തിൽ പങ്കുള്ളവർക്കു രണ്ടാമതൊരു മരണമില്ല. ഇതു പലർക്കും അറിഞ്ഞുകൂടാത്ത സത്യമാണ്. നിങ്ങൾ യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിൽ പങ്കാളി ആയി തീർന്നിട്ടുണ്ടോ ?

★

# ജില്ലയുടെ വികസനം പദവികളിൽ ഒതുങ്ങുന്നു

തലസ്ഥാനം എന്ന പദവി മാത്രം കൊണ്ടു തൃപ്തിപ്പെടേണ്ട അവസ്ഥയിലേയ്ക്കാണു തിരുവനന്തപുരം ജില്ലയുടെ വികസനം ചുരുങ്ങുന്നതെന്നു മുൻ സ്പീക്കർ എം. വിജയകുമാർ അഭിപ്രായപ്പെട്ടു. സമഗ്ര എന്ന സംഘടന തിരുവനന്തപുരത്തിന്റെ വികസനത്തെക്കുറിച്ചു സംഘടിപ്പിച്ച ആലോചനായോഗത്തിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

തിരുവനന്തപുരത്തിന് രാജ്യാന്തര വിമാനത്താവളമുണ്ടെന്നാണ് പറയുന്നത്. എന്നാലതു പദവിയിൽമാത്രം ഒതുങ്ങുകയാണ്. ടെക്നോപാർക്ക് 1988 ലാണ് ഇവിടെ സ്ഥാപിച്ചത്. എന്നാൽ ഇനി തുടർന്നു വരുന്ന വികസനം തിരുവനന്തപുരത്തായിരിക്കില്ലെന്നാണ് അറിയുന്നത്. ഹൈക്കോടതി ബഞ്ചായാലും ജലപാത വികസനമായും തിരുവനന്തപുരത്തിനു തലസ്ഥാനമെന്ന പരിഗണന പോലും കിട്ടുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു.

യു. ഡി. എഫ് എന്നോ എൽ. ഡി. എഫ് എന്നോ വ്യത്യാസമില്ലാതെ എല്ലാ സർക്കാരുകളും തിരുവനന്തപുരത്തെ അവഗണിക്കുകയാണ് ചെയ്യുന്നതെന്നു മുൻ എം.പിയായ എ. ചാൾസ് അഭിപ്രായപ്പെട്ടു. എല്ലാ സർക്കാരുകളും തിരുവനന്തപുരത്തുകാരെ വഞ്ചിക്കുകയാണ്. തിരുവനന്തപുരത്തിന്റെ വികസനത്തിനായി ലോബിയില്ലാത്തതാണ് പ്രശ്നമെന്ന് അദ്ദേഹം പറഞ്ഞു.

## കടലുണ്ടി പാലംപണിക്കു നവീന നിർമാണ ശൈലി

കടലുണ്ടി പാലം നിർമാണത്തിന് കരാറുകാരായ വിജയ് നിർമാൺ കമ്പനി ഉപയോഗിക്കുന്നതു തികച്ചും നവീന സമ്പ്രദായം. ഈ രീതി പാലം പണി 45 ദിവസം കൊണ്ടു തീർക്കാൻ സഹായകമാകുമെന്നു കരാറുകാർ പറഞ്ഞു.

ഇപ്പോഴുള്ള പാലത്തിലെ ഗർഡറിൽ നിന്ന് ട്രൈപ്പോഡ് സ്ഥാപിച്ച് പൈൽ അടിക്കുന്നതാണ് പുതിയ ശൈലി. ഇന്ത്യയിൽ തന്നെ ആദ്യമാണത്രേ ഇത്. സാധാരണ പുഴയിൽ വെള്ളത്തിനു മേലെ വരെ മണ്ണിട്ട് അതിൽ ട്രൈപ്പോഡ് ഉറപ്പിച്ചാണ് പൈൽ അടിക്കുക. എന്നാൽ ഇപ്പോൾ പുഴയിൽ വെള്ളം കൂടുതലായതിനാൽ മണ്ണിട്ട് ഉയർത്തുക തികച്ചും ബുദ്ധിമുട്ടാണ്.

പുതിയ സമ്പ്രദായത്തിൽ ഇപ്പോഴുള്ള വീതി കുറഞ്ഞ ഗർഡറിൽ നിന്നു വിലങ്ങനെ ചെറിയ ഗർഡറുകളും പ്ലേറ്റുകളും സ്ഥാപിച്ചശേഷം അതിൽ ട്രൈപ്പോഡ് സ്ഥാപിക്കാനാണ് ഉദ്ദേശ്യം. അതു വിജയിക്കുമോ എന്ന് രണ്ടു മൂന്നു ദിവസത്തിനുള്ളിലേ അറിയാൻ കഴിയൂ. വിജയിച്ചാൽ പണി 45 ദിവസംകൊണ്ടു തീർക്കാനാകുമെന്ന് എൻജിനീയറിങ് വിദഗ്ധന്മാർ ചൂണ്ടിക്കാട്ടി.

ഇനി പരാജയപ്പെട്ടാൽപോലും വിജയ് നിർമാൺ കമ്പനിക്ക് സാമ്പത്തിക നഷ്ടം സംഭവിക്കില്ല. കാരണം വലിയ നിരക്കിലാണ് അവർക്കു കരാർ ലഭിച്ചത്. ഇക്കാര്യം കടലുണ്ടിയിലെ പത്രസമ്മേളനത്തിൽ റെയിൽവേ സഹമന്ത്രി ഒ. രാജഗോപാൽ തന്നെ സൂചിപ്പിച്ചിരുന്നു. ഇപ്പോഴത്തെ അത്യാവശ്യം കണക്കിലെടുത്ത് റെയിൽവേ എന്തു വിലകൊടുത്തും പാലം പണിയുമെന്നുള്ളതിനാൽ കരാറുകാരെല്ലാം ഉയർന്ന തുകയാണ് ക്വോട്ട് ചെയ്തത്.

# വൃദ്ധജനങ്ങൾക്ക് സ്നേഹവും ശുശ്രൂഷയും

വൃദ്ധജനങ്ങൾക്കു കാരുണ്യമല്ല, സ്നേഹവും ശുശ്രൂഷയുമാണ് ആവശ്യമെന്ന് ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ അഭിപ്രായപ്പെട്ടു. വൈസ്മെൻ ഇൻറർനാഷനൽ ആരംഭിച്ച വൃദ്ധജനപരിരക്ഷ (കെയർ ദി ഏജ്ഡ്) പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കണ്ടാൽ പ്രായം തോന്നുമെങ്കിലും ഉള്ളിൽ ചെറുപ്പം സൂക്ഷിച്ചാലേ ജീവിതം സുഖകരമാവുകയുള്ളു. ജീവിത സായാഹ്നത്തിലാണെങ്കിലും സഹായമുണ്ടെങ്കിൽ കാര്യങ്ങൾ ചെയ്യാൻ സാധിക്കും. "ഏജ്ഡ്" എന്നതിന് പകരം ഏജിങ് എന്നായിരുന്നു പറയേണ്ടത്. കാരണം വാർധക്യം എന്നത് ഇന്ന പ്രായത്തിൽ എന്നു പറയാൻ കഴിയില്ല. എൻെറ കയ്യിലുള്ള മണി 1929-ൽ നിർമ്മിച്ചതാണ്. ഇപ്പോഴും നന്നായി സംരക്ഷിക്കുന്നതിനാൽ കൃത്യ സമയത്ത് പരിപാടിയിൽ പങ്കെടുക്കാൻ എത്താൻ കഴിഞ്ഞു".

പണ്ട് ഓണത്തിന് എല്ലാവരും ആഘോഷത്തോടെ കഴിയുമായിരുന്നു. ഇന്ന് അധ്വാനത്തിനു വിലകൽപിക്കാതെ അന്യൻെറ അധ്വാനത്തിനു വില നൽകി വാങ്ങി ജീവിക്കുന്ന സ്ഥിതിയാണെന്നും മാർത്താണ്ഡവർമ പറഞ്ഞു.

കേരളത്തിലെ ആകെ ജനസംഖ്യയുടെ 10% വൃദ്ധജനങ്ങളാണ്, അതിൽ 40% ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരാണെന്നു പഠനത്തിൻെറ അടിസ്ഥാനത്തിൽ പ്രഫ. ടി. കെ. തമ്പി അഭിപ്രായപ്പെട്ടു. 65 വയസ്സു കഴിഞ്ഞവരെ ഉൾപ്പെടുത്തിയുള്ള പഠനത്തിലാണ് ഇക്കാര്യം വ്യക്തമായത്. ഇതിൽ 55% സ്ത്രീകൾ വിധവകളാണ്. 75% പേർക്കും സ്വന്തം വരുമാന മാർഗമില്ല. 50% ഒന്നിലേറെ അസുഖങ്ങളുടെ പിടിയിലാണ്.

## ഐ. ടി. പ്രോൽസാഹനം ഉണ്ടായിട്ടും കേരളം ഏറ്റവും പിന്നിൽ

ഐ. ടി. സ്വപ്നങ്ങളുടെ ചിറകിൽ മുന്നേറാൻ വെമ്പുന്ന കേരളം ഒരു നിമിഷം പുനർവിശകലനം നടത്തുന്നതു നന്നായിരിക്കും. കാരണം, സോഫ്ട്‌വെയർ കയററുമതിയിൽ ഇന്ത്യയിൽ ഏററവും പിന്നിൽ നിൽക്കുന്ന സംസ്ഥാനമാണു കേരളം.

തൊട്ടടുത്ത സംസ്ഥാനങ്ങൾ അടിവച്ചു മുന്നേറുമ്പോൾ കേരളമാകട്ടെ പിറകോട്ടാണു പോകുന്നത്. 1998-99ൽ 70 കോടിരൂപ വിലമതിക്കുന്ന സോഫ്ട്‌വെയർ കയററി അയച്ചു. കേരളം അടുത്തവർഷം കുത്തനെ കീഴോട്ടാണു പോയതു. 70-ൽ നിന്ന് 24.11 കോടിരൂപയിലേക്ക്.

തൊട്ടടുത്ത സംസ്ഥാനമായ കർണാടക ഇതേ കാലയളവിൽ 3450 കോടിയിൽനിന്ന് 4267 കോടിയും തമിഴ്നാട് 1300 കോടിയിൽനിന്ന് 1987 കോടിയും ആയി ഉയർന്നപ്പോഴാണ് കേരളത്തിൻെറ ഈ പരിതാപകരമായ സ്ഥിതിയെന്ന് ഓർക്കണം. ഈ കാലയളവിൽ ചന്ദ്രബാബു നായിഡുവിൻെറ ആന്ധ്രപ്രദേശ് ഇരട്ടിയിലധികമാണ് ഉയർന്നത്-650 കോടിയിൽനിന്ന് 1223 കോടിയിലേക്ക്.

രാജ്യത്തിൻെറ ഐ. ടി. മേഖല വൻ കുതിച്ചുചാട്ടം നടത്തിയ വർഷങ്ങളായിരുന്നു ഈ കാലയളവ് എന്നുകൂടി ഓർക്കുമ്പോൾ ഐ. ടി. മേഖലയിലെ കേരളത്തിൻെറ ദയനീയസ്ഥിതി കൂടുതൽ വ്യക്തമാകുന്നു. ഇങ്ങനെയൊരു സ്ഥിതിവിശേഷത്തിനു സംസ്ഥാന സർക്കാർ തന്നെയാണ് ഉത്തരവാദി എന്നതാണു കേന്ദ്ര ഐ. ടി. മന്ത്രി പ്രമോദ് മഹാജൻെറ അഭിപ്രായം.

★

# സഭയുടെ വളർച്ച

### ബെറ്റി ബർട്ടൻ ചോട്ട്

വർഷങ്ങൾ പിന്നിട്ടു കൊണ്ടിരിക്കുമ്പോൾ സഭയിൽ നല്ല കാര്യങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. ബാന്ദ്ര ഇടവകയിലെ അംഗങ്ങൾ പണം സ്വരൂപിക്കയും തികയാതെ വന്നതു കടമെടുത്തു സ്വന്തമായി ഒരാരാധനാലയം പണികയുണ്ടായി. സഭയിൽ അംഗസംഖ്യ വർദ്ധിക്കുന്നതോടെ ആളുകൾക്കു ഇരിക്കുവാനുള്ള സൗകര്യവും ഉണ്ടായി. ഇപ്പോൾ തന്നെ ഏതാണ്ട് മുന്നൂറിൽ അധികം അംഗങ്ങൾ അവിടെയുണ്ട്. ഏതാനും കുടുംബങ്ങൾ പട്ടണം വിട്ടുപോയപ്പോൾ, അവർ പോയ സ്ഥലങ്ങളിൽ കൂടി വരവ് ആരംഭിച്ചു. അങ്ങനെ ആ പ്രദേശങ്ങളിലും കർത്താവിൻെറ സഭ വളർന്നു വരാൻ തുടങ്ങി. സഭയുടെ ശ്രദ്ധ വിവിധ സ്ഥലങ്ങളിലേക്കു തിരിയാൻ തുടങ്ങി. ബാന്ദ്രയിലെ സഭ സ്വയം പര്യാപ്തിയിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നു. അവിടെയുള്ള ഉപദേഷ്ടാവിനെ നിലനിർത്തുവാനും മററു പ്രദേശങ്ങളിലേക്കു സുവിശേഷം എത്തിക്കുവാനും വളർന്നു കഴിഞ്ഞു എന്നർത്ഥം. അംഗങ്ങൾ ചേർന്നു അവരുടെ കെട്ടിടത്തിനും മററും പണം ശേഖരിക്കാറായി. സഭയുടെ പ്രവർത്തികൾ ആ പ്രദേശത്തുള്ളവർ തന്നെ ചെയ്യുവാൻ അവർ പരിശീലിച്ചിരിക്കുന്നു. ഇതു മററു പ്രദേശങ്ങളിലെ പ്രാദേശിക സഭകൾക്കു ഉത്തേജനം പകരുന്നു.

മാസത്തിലൊരിക്കൽ എല്ലാ അംഗങ്ങളും ഒത്തൊരുമിച്ച് പ്രത്യേകമായ മീററിങ്ങുകൾ സംഘടിപ്പിക്കും. അതിലേക്കു ആളുകളെ ക്ഷണിക്കുന്നതിനു അവർ എല്ലാവരും ഇറങ്ങി വീടുകൾ തോറും കയറി ഇറങ്ങി സന്ദർശിക്കും. ലഘുലേഖകൾ, പുസ്തകങ്ങൾ, മാസികകൾ എന്നിവ വി

തരണം ചെയ്യുകയും ചെയ്യും. പല പ്രാവശ്യം ഇങ്ങനെ ചെയ്യുമ്പോൾ ആ പ്രദേശത്തുള്ള എല്ലാവരിലേക്കും സത്യം എത്തിക്കുന്നതിനു സഹായകരമാകും. പാട്ട്, പ്രാർത്ഥന, പ്രസംഗം എന്നിവയ്ക്കുശേഷം സന്ദർശകരായി വന്നിട്ടുള്ളവരെ പ്രത്യേകം ശ്രദ്ധിക്കുകയും അവരുമായി കൂട്ടായ്മയുടെ മഹത്വം വെളിപ്പെടുത്തുകയും ചെയ്യും. ചിലപ്പോൾ ലഘു ഭക്ഷണവും ഒത്തൊരുമിച്ച് കഴിക്കാറുണ്ട്. സുവിശേഷം എല്ലാവരിലേക്കും എത്തിക്കുന്നതിനുള്ള നല്ല ഉപാധിയായി തീർന്നിട്ടുണ്ട് ഇത്. ആളുകളെ പരസ്പരം അറിയാനും അവരുടെ പ്രശ്നങ്ങൾക്കു കൂട്ടായ പരിഹാര ശ്രമം നല്ല ആത്മീയ ബന്ധത്തെയാണ് കാണിക്കുന്നത്. ഇത്തരം പ്രവർത്തനങ്ങൾ അംഗസംഖ്യാ വർദ്ധനവിനും ആത്മിക വർദ്ധനവിനും ഇടയാക്കും.

"ഇതു നമ്മെ ഉണർത്തുന്നതല്ലേ" റെയിച്ചൽ ആൻഡ്രുവിനോടു ചോദിച്ചു. സുദോത്ത് എന്ന സ്ഥലത്തെ മീററിങ്ങിനുശേഷം തിരിച്ചു പോകുമ്പോഴായിരുന്നു ആ ചോദ്യം. 'അതെ' എന്നു ആൻഡ്രു ഉത്തരം പറഞ്ഞു. കർത്താവിന്റെ സഭ എത്രത്തോളം വളർന്നിരിക്കുന്നു. സഹോദരന്മാരും സഹോദരിമാരും അവരുടെ മക്കളും. ഇതു നമ്മിൽ ആവേശം തന്നെയാണ് ഉണർത്തുന്നതു എന്നും പറഞ്ഞു.

നമ്മുടെ ജീവിതത്തിനു അർത്ഥവും ഗൗരവവും കൊണ്ടു വന്നതു തിമൊഥിയാണല്ലൊ. അതിനു നാം നന്ദിയുള്ളവരാകണം. അല്ലായിരുന്നെങ്കിൽ നമ്മുടെ ജീവിതം തന്നെ പാഴാകുമായിരുന്നു. ആരോഗ്യവും ഊർജ്ജവുമെല്ലാം വർഷങ്ങളോളം നാം പാഴാക്കുകയായിരുന്നില്ലേ ? ഭൗതികമായ ഈ നേട്ടങ്ങൾ ഒക്കെയും വെന്തു പോകുവാനുള്ള താകകൊണ്ടു അതിനെ കുറിച്ച് ഓർക്കുമ്പോൾ ലജ്ജ തോന്നുന്നു. തന്നെയുമല്ല നമ്മുടെ ആത്മാക്കളെ കഷ്ടിച്ച് രക്ഷപ്പെടുകയാണുണ്ടായതു എന്നു പറയാം.

"ഇന്നലെ രാത്രി അവൻ എന്നോടു ചോദിച്ചു, ഡാഡീ എനിക്കു സുവിശേഷം അനുസരിക്കാൻ പ്രായമാ

യോ" എന്നു. എനിക്കു തോന്നുന്നതു അവൻ കുട്ടിതന്നെയാണെന്നാണ്. എങ്കിലും അവനു പതിനാലു വയസു പ്രായമായി. അവൻ ആ സമർപ്പണം കഴിവതും വേഗത്തിൽ എടുക്കും എന്നെനിക്ക് അറിയാം. അധികം താമസിക്കാതെ ഇടെററസും ദൈവത്തെ അനുസരിക്കും. അവർ രണ്ടു പേരും നല്ല കുട്ടികളാണ്. ക്രിസ്തീയ മാതാപിതാക്കളുടെ സംരക്ഷണം ലഭിച്ചതിനാൽ അവർ അനുഗ്രഹീതരുമാണ്. ദൈവ വചനവും ദൈവ പ്രവർത്തിയും അവർ മനസിലാക്കികൊണ്ടിരിക്കയാണ്. ഇതിനേക്കാൾ വലിയൊരു ദാനം അവർക്കു വേറെ നല്കുവാനില്ല.

ആൺകുട്ടികൾ മാത്രമല്ല പക്വതയിലെത്തുന്നതു, സഭയും പക്വതയിലേക്കു ഉയർന്നിരിക്കുന്നു. ചുററുപാടുള്ള എല്ലാ ഇടവകകളെയും ഉൾപ്പെടുത്തി ഒരാഴ്ച നീണ്ടു നില്ക്കുന്ന മീററിങ്ങ് നടത്തണമെന്നു ജോൺ അഭിപ്രായപ്പെട്ടു. വളരെ ആഴത്തിലുള്ള ബൈബിൾ പഠനം നടത്തി, മൂപ്പന്മാർ ശുശ്രൂഷകന്മാർ, ഉപദേഷ്ടാക്കന്മാർ എന്നിവരെ കൂടുതൽ വളർത്തിയെടുക്കേണ്ടതു ആവശ്യമാണ്. ഒത്തൊരുമിച്ച് പരിജ്ഞാനത്തിൽ വളർന്നാലേ ആ രീതിയിലേക്കും നിലവാരത്തിലേക്കും സഭ ഉയരുകയുള്ളു. യോഗ്യതയുള്ള സേവകരും ശുശ്രൂഷകന്മാരും സഭയ്ക്കു ആവശ്യമാണല്ലൊ.

പതിനാലു വർഷമായി ബാദ്രയിലുള്ള സഭ തുടങ്ങിയിട്ടു. അനേകം സഹോദരീ സഹോദരന്മാരുണ്ട്. അവരിൽ ഏതാനും പേരുടെ മക്കളും സ്നാനപ്പെട്ടതാണ്. പക്ഷെ മൂപ്പന്മാരെയോ ശുശ്രൂഷകന്മാരെയോ നിയമിച്ചിട്ടില്ല. ഇതേപോലെയാണ് പല പ്രദേശങ്ങളിലും. ഈ ആശയം എല്ലാ ഇടവകകളേയും അറിയിച്ചു അതിലേക്കു വിളിച്ചു കൂട്ടിയ മീററിങ്ങിൽ എല്ലാവരും സന്തോഷത്തോടെ തടിച്ചു കൂടിയിരുന്നു. ഏതാണ്ടു അറുനൂറു പേരോളം ആളുകൾ ഉണ്ടായിരുന്നു. ആ ഒരു ശക്തി കണ്ടതിൽ എ

ല്ലാവർക്കും ആവേശം ഉണ്ടായി. അവരെല്ലാവരും ചേർന്നു പാട്ടു പാടിയപ്പോൾ ആ പ്രദേശം മുഴുവൻ മുഴങ്ങികേട്ടു. ഊഷ്മളമായ കൂട്ടായ്മയുടെ വേദിയായി അതു മാറി.

അന്നത്തെ പ്രത്യേക കൂടി വരവിന്റെ ഉദ്ദേശവും രൂപരേഖയും ആൻഡ്രൂ വിശദമാക്കി. സഭയുടെ പ്രവർത്തനങ്ങളെ കുറിച്ചു പുതിയ നിയമത്തിൽ പല ഭാഗത്തു പറഞ്ഞിരിക്കുന്നതു നമുക്ക് അറിയാം. 1 തിമൊഥെയൊസ് 13, തീത്തൊസ് 1 എന്നീ അദ്ധ്യായങ്ങളിൽ മൂപ്പന്മാരുടേയും ശുശ്രൂഷകന്മാരുടേയും പ്രവർത്തികളേയും യോഗ്യതകളേയും നമ്മോടു അരുളിച്ചെയ്തിട്ടുണ്ട്. മൂപ്പന്മാരാണ് സഭയെ മേയ്ക്കുന്നതെന്നു നാം പ്രവൃത്തി 20:28-ൽ വായിക്കുന്നുണ്ട്. സഭയിലെ മൂപ്പന്മാർക്കുള്ള നിർദ്ദേശങ്ങളെ പത്രൊസും വ്യക്തമാക്കിയിട്ടുണ്ട് (1 പത്രൊസ് 5:1-4). തീത്തൊസ് ക്രേത്തയിലേക്കുള്ള യാത്രയിൽ പട്ടണം തോറും മൂപ്പന്മാരെ നിയമിക്കുന്നതായും കാണാം. സഭയ്ക്കു വേണ്ടതായ ദൈവിക പദ്ധതിയാണിത്. സംഘടനക്കുള്ള ദൈവ പദ്ധതി നാം പൂർണ്ണമായി അനുസരിക്കേണ്ടതാണ്.

തന്നെയുമല്ല, സഭയ്ക്കു ഉപദേഷ്ടാക്കന്മാരും സുവിശേഷകന്മാരും ഉണ്ടാകണം. ധാരാളം ഉദാഹരണങ്ങൾ പുതിയ നിയമത്തിൽ വായിക്കുന്നുണ്ട്. പൌലൊസ്, അപ്പൊല്ലൊസ്, തീത്തൊസ്, തിമൊഥെയൊസ് എന്നിവരെല്ലാം ഈ പ്രവർത്തികൾ ചെയ്തിരുന്നു. പ്രായമുള്ള സ്ത്രീകൾ പ്രായം കുറഞ്ഞ സ്ത്രീകളേയും കുട്ടികളേയും പഠിപ്പിച്ചിരുന്നു. ദൈവ വചനത്തിനോ ദൈവ നാമത്തിനോ ദൂഷണം സംഭവിക്കാതിരിക്കേണ്ടതിനു അവർ മറ്റുള്ളവർക്കു മാതൃകാ സൽപ്രവൃത്തി കാണിച്ചു കൊടുക്കണം.

★

# യേശു തന്നെത്താൻ താഴ്ത്തി

## ചാൾസ് ബോക്സ്

ദൈവത്തോടുള്ള സമത്വം, സ്വർഗ്ഗീയ മഹത്വം എന്നിവ ഉപേക്ഷിച്ച് പാപികളോടു കൂടെ ജീവിക്കുവാനും അവസാനം അവരുടെ കയ്യാൽ കൊല്ലപ്പെടുവാനും തയ്യാറായി. ഇതു പാപികൾക്കു ദൈവത്താലുള്ള രക്ഷ സാദ്ധ്യമാക്കുന്നതിനു വേണ്ടിയായിരുന്നു. യേശു അങ്ങനെ ചെയ്തില്ലായിരുന്നെങ്കിൽ മനുഷ്യർ എല്ലാവരും നിസഹായരായി നഷ്ടപ്പെട്ടുപോകയേനെ. തന്നെത്താൻ താഴ്ത്തിയതുകൊണ്ടാണ് യേശുവിനു അങ്ങനെ ചെയ്യുവാൻ കഴിഞ്ഞതു. "ക്രിസ്തുയേശുവിലുള്ള ഭാവം തന്നേ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. അവൻ ദൈവ രൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപമെടുത്തു മനുഷ്യ സാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നേ, അനുസരണമുള്ളവനായി തീർന്നു" (ഫിലിപ്പിയർ 2:5_8).

### യേശു തന്നെത്താൻ താഴ്ത്തി നമ്മിൽ ഒരാളെപോലെ ആയി

ആരംഭത്തിൽ അവൻ ദൈവത്തോടു തുല്യനായിരുന്നു. ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെയായിരുന്നു (യോഹന്നാൻ 1:1). ആ തുല്യത ഉപേക്ഷിച്ചുകൊണ്ടാണ് അവൻ കേവലം ഒരു മനുഷ്യനായി പിറന്നതു. വചനം ജഡമായി തീർന്നു. നമ്മുടെയിടയിൽ പാർത്തു. ജഡ രക്തത്തോടു കൂടെയാണ് അവൻ ജീവിച്ചത്. കൃപയും സത്യവും നിറഞ്ഞവനായിട്ടാണ് അവൻ ലോകത്തിൽ വസിച്ചത്. അപ്പൊസ്തലന്മർ അവന്റെ തേജസ് കണ്ടതായി വിവരിക്കുന്നുണ്ട്. പിതാവി

ൽ നിന്നു ഏക ജാതനായവന്റെ തേജസായിട്ടാണ് അവർ കണ്ടതു. യോഹന്നാൻ സാക്ഷീകരിക്കയും ചെയ്തു (യോഹന്നാൻ 1:4).

മനുഷ്യർ ഒന്നടങ്കം അവരുടെ പാപത്തിൽ നശിച്ചു പോകുമെന്നു കണ്ടു കർത്താവു അതൊഴിവാക്കുവാൻ സ്വയം താണിറങ്ങി വന്നു. നമ്മുടെ രക്ഷ ദൈവത്തിന്റെ ദാനമാണ്. ക്രിസ്തുവിന്റെ ത്യാഗവുമാണ്. അതാണ് കൃപയാൽ നാം രക്ഷിക്കപ്പെടുന്നു എന്നു പറയുന്നതു. ആ രക്ഷ പ്രാപിക്കുവാൻ നമ്മിൽ യാതൊരു യോഗ്യതയുമില്ല. ജീവൻ രക്ഷാ സ്വഭാവം ക്രിസ്തുയേശുവിൽ നാം കാണുന്നുണ്ട്.

## യേശു തന്നെത്താൻ താഴ്ത്തി ഒരു ദാസനായി തീർന്നു

ഒരു ദാസന്റെ വേഷം ധരിച്ചുകൊണ്ടാണ് അവൻ പ്രവർത്തിച്ചത്. ദാസ്യവേല, അടിമവേല ചെയ്യുന്നതിനെ കുറിച്ച് നിങ്ങൾ കേട്ടിരിക്കുമല്ലോ. യജമാനന്റെ ആജ്ഞ അനുസരിച്ചു മാത്രം പ്രവർത്തിക്കുന്ന അടിമയുടെ പ്രവർത്തി യജമാനന്റെ സേവ മാത്രമാണ്. തന്റെ സുഖ സൗകര്യങ്ങളെ ത്യജിച്ച് എല്ലാംകൊണ്ടും യജമാനനെ സേവിക്കണം. അനേകരിൽ കാണപ്പെടുന്ന നശീകരണ ആത്മാവായിരുന്നില്ല അവനിൽ ഉണ്ടായിരുന്നത്. മറിച്ച് രക്ഷിക്കുന്ന ആത്മാവായിരുന്നു. ശുശ്രൂഷ ചെയ്യുവാനാണ് അവൻ എപ്പോഴും ശ്രമിച്ചത്. എന്നാൽ അധികം ആളുകളും ശുശ്രൂഷ ചെയ്യിക്കുന്നതിനാണ് താല്പര്യപ്പെടുന്നത്. അവൻ വന്നതു മററുള്ളവർക്കു ശുശ്രൂഷ ചെയ്യേണ്ടതിനാണ്. ആ ഒരു താഴ്മ ശ്രേഷ്ടം തന്നെയാണ്.

ഏതൊരാൾക്കു എവിടെ സേവനം ആവശ്യമായിരുന്നോ അവൻ അതു നിറവേററിയിരുന്നു. നിസ്വാർത്ഥ മനോഭാവം ഉള്ളവർക്കേ അതിനു കഴിയു. "മനുഷ്യ പുത്രൻ

ശുശ്രൂഷ ചെയ്യിപ്പാനല്ല; അനേകർക്കു വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും വന്നതുപോലെ തന്നേ എന്നു പറഞ്ഞു (മത്തായി 20:28). നിങ്ങടം ഒരു ദാസനായി തീർന്നിട്ടുണ്ടോ ? യേശു പറഞ്ഞതു ഓർമ്മയില്ലേ ? നിങ്ങളിൽ വലിയവൻ ആകുവാൻ ഇച്ഛിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകട്ടെ (മത്തായി 23:11).

## യേശു തന്നെത്താൻ താഴ്ത്തി മനുഷ്യനായി തീർന്നു

വേദന, കണ്ണുനീർ, ദുഃഖം എന്നിവയുള്ള മനുഷ്യ കുലത്തിലെ ഒരു ഭാഗമായിട്ടാണ് യേശു ജീവിച്ചത്. ഉയർന്ന കുടുംബത്തിലല്ല അവൻ ജന്മം എടുത്തത്. അവൻ നമ്മിൽ ഒരാളെപ്പോലെ ആയി. അവൻ ഭൂമിയിൽ വന്നപ്പോറം മനുഷ്യരൂപമെടുത്തു. മനുഷ്യനായി അവൻ വിളങ്ങി എന്നാണ് പറഞ്ഞിരിക്കുന്നത്. മക്കരം ജഡ രക്തങ്ങളോടു കൂടിയവർ ആകകൊണ്ടു അവനും അവരെപ്പോലെ ജഡ രക്തങ്ങളോടു കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണ ഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു (എബ്രായർ 2:14-15).

മനുഷ്യ ജീവിതം എന്തെന്നു യേശു അനുഭവത്തിലൂടെ മനസിലാക്കിയാണ് ജീവിച്ചതു. ജഡം ബലഹീനമാണ്. ജഡിക ജീവിതം വളരെ പ്രയാസകരമാണെന്നു കർത്താവിനറിയാം. എന്നാൽ എങ്ങനെ അത്തരം ഘട്ടങ്ങളെ തരണം ചെയ്യണമെന്നു അവൻ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. യഥാർത്ഥ മനുഷ്യനായി ജീവിച്ചവനായിരുന്നു കർത്താവ്. ക്രിസ്തുവിനെ നോക്കിയാൽ ഒരു യഥാർത്ഥ മനുഷ്യനെ കാണാൻ കഴിയും. അവന്റെ ജീവിതം താഴ്മയുള്ളതായിരുന്നു. അവൻ ഒരു മനുഷ്യന്റെ സ്വഭാവ ഗുണത്തെ നമുക്കു കാണിച്ചു തരുന്നുണ്ട്.

## മരണത്താൽ യേശു തന്നെത്താൻ താഴ്ത്തി

ശാരീരിക ഉപദ്രവങ്ങളും, മാനസിക പീഡനങ്ങളും എല്ലാം സഹിക്കണമെങ്കിൽ താഴ്മ ആവശ്യമാണ്. വികാരത്തെ നിയന്ത്രിക്കുവാൻ കഴിയണം. തന്നെ ശകാരിച്ചവർ ഉണ്ടായിരുന്നു. ഉപായത്താൽ തന്നെ കുടുക്കുവാൻ വന്നവരുണ്ടായിരുന്നു. അവരോടെല്ലാം മൃദുല ഭാവത്തിലാണ് അവൻ പെരുമാറിയത്. അവന്റെ വായിൽ നിന്നുപോലും അരുതാത്തതു ഒന്നും പുറപ്പെട്ടിരുന്നില്ല. അച്ചടക്കമുള്ള ജീവിതത്തിനു ഉടമയായിരുന്നു കർത്താവ്. താൻ വലിയവനെന്നോ മഹാൻ എന്നോ ഉള്ള ഭാവം അവനിൽ ഇല്ലായിരുന്നു. ശാരീരിക വേർപാട് വലിയ കാര്യമല്ല എന്ന തോന്നൽ പലരിലും ഇല്ല. ആത്മാവാണ് പരമ പ്രധാനം എന്നു യേശു തന്റെ താഴ്മയിലൂടെ നമ്മെ ഗ്രഹിപ്പിച്ചിട്ടുണ്ട്.

മരണത്തോളം ക്രിസ്തു അനുസരണമുള്ളവനായിരുന്നു. മനുഷ്യർ എങ്ങനെയാണ്? കുറെ ഒക്കെ അനുസരണമുള്ളവർ ആയിരിക്കും. എന്നാൽ യേശു അങ്ങനെയായിരുന്നില്ല. പൂർണ്ണാനുസരണം ഉള്ളവനായിരുന്നു. ദൈവം തന്റെ പുത്രനെ സകല മനുഷ്യർക്കും വേണ്ടി പാപത്തിനുള്ള പ്രായശ്ചിത്ത ബലിയാക്കി തീർത്തു. പാപത്തിനുള്ള ശിക്ഷയും പാപക്ഷമയും ഒരേ സമയത്തു നടപ്പാക്കി. അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പ് സൗജന്യമായിത്ര നീതീകരിക്കപ്പെടുന്നതു. വിശ്വസിക്കുന്നവർക്കു അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു. ദൈവം തന്റെ പൊറുമയിൽ മുൻകഴിഞ്ഞ പാപങ്ങളെ ശിക്ഷിക്കാതെ വിടുക നിമിത്തം തന്റെ നീതിയെ പ്രദർശിപ്പിപ്പാൻ തന്നേ ഇങ്ങനെ ചെയ്തതു.

# മാനസാന്തരത്തിനുശേഷം എത്ര വേഗത്തിൽ ഒരാൾക്കു പൂർണ്ണ സേവനത്തിൽ ഏർപ്പെടാം

ജാക്ക് വിൽഹേം

പാപക്ഷമാപണത്തെ കുറിച്ച് ബൈബിളിൽ വളരെ പ്രസ്താവിച്ചിരിക്കുന്നതുകൊണ്ടു നമുക്കു ദൈവത്തെ സ്തുതിക്കാം. വീണ്ടും ഒരവസരം കൂടെ തരുവാൻ ദയവു കാണിക്കുന്ന കരുണാമയനാണ് ദൈവം. കർത്താവിന്റെ മനസലിവിനെ അനുകരിക്കേണ്ടവരാണ് ക്രിസ്ത്യാനികൾ. ദൈവ വചനമനുസരിച്ച് പാപങ്ങളെ ക്ഷമിക്കുന്നവർക്കും ക്ഷമിക്കപ്പെട്ടവർക്കും ഇതു പ്രാധാന്യമുള്ള വിഷയമാണ്. പാപം ക്ഷമിച്ചുകൊടുക്കുന്നവർക്കുള്ള കടമയെ കുറിച്ചു നാം ധാരാളം കേട്ടിട്ടുണ്ട്.

## മാനസാന്തരത്തിനു യോഗ്യമായ ഫലങ്ങൾ

യോഹന്നാൻ സ്നാപകന്റെ അടുക്കൽ സ്നാനമേൽക്കാൻ വന്ന ചിലരോട് അവൻ പറഞ്ഞു: ''മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്പിൻ'' എന്നു (മത്തായി 3:8). അതായതു അവർ വാസ്തവത്തിൽ മാനസാന്തർപ്പെടാതെ സ്നാനമേല്ക്കുവാൻ വന്നവരാണ്. അവർ മാനസാന്തരപ്പെട്ടതായി അവരുടെ പ്രവൃത്തികൾ തെളിയിക്കണമായിരുന്നു. നിങ്ങൾ മാനസന്തരപ്പെട്ടു എന്നു വെറുതെ പറഞ്ഞാൽ പോരല്ലൊ. മാനസാന്തരത്തിന്റെ ഫലം നിങ്ങളിൽ നിന്നു പുറപ്പെട്ടു കാണട്ടെ എന്നു സ്പഷ്ടം.

## യേശുവും മത്തായി 21:28-31 ഉം

അധരസേവയിൽ തല്പരരായ ആളുകളുണ്ട്. യേശുക്രിസ്തു അവിടെ ഒരു കഥ പറയുകയാണ്. ഒരു മനു

ഷ്യനു രണ്ടു പുത്രന്മാരുണ്ടായിരുന്നു. അവരോടു രണ്ടു പേരോടും മുന്തിരി തോട്ടത്തിൽ പോയി ജോലി ചെയ്യുവാൻ പറഞ്ഞു. ഒന്നാമത്തവൻ തനിക്കു മനസ്സില്ല എന്നു ആദ്യം പറഞ്ഞുവെങ്കിലും പിന്നത്തേതിൽ അനുതപിച്ചു പോയിട്ടു ജോലി ചെയ്തു. രണ്ടാമത്തവനോടു പറഞ്ഞപ്പോൾ പോകാം എന്നു പറഞ്ഞു. പക്ഷെ പോയില്ലതാനും. ഈ രണ്ടു പേരിൽ ആരാണ് അപ്പന്റെ ഇഷ്ടം ചെയ്തതു? ദൈവ വചനം കേൾക്കുമ്പോൾ ഉടനെ നിഷേധിക്കുന്നവർ പിന്നീട് അനുതപിക്കാറുണ്ട്. പക്ഷെ എല്ലാം ശരിയാണ് എന്നു പറയുകയും അതിനനുസരിച്ച് പ്രവർത്തിക്കാതിരിക്കയും ചെയ്യുന്നു വേറെ ചിലർ. മാനസാന്തരപ്പെടുന്നവർ വാസ്തവത്തിൽ ഉടനെ അനുസരിക്കും.

## കൊരിന്ത്യരുടെ സംഭവം

അവർക്കിടയിൽ പരസ്യമായ പാപം നിലനിന്നിരുന്നു. അതിനെ അപ്പൊസ്തലനായ പൌലൊസ് ശാസിക്കുന്നുണ്ട് (1 കൊരിന്ത്യർ 5). അത്തരക്കാരെ സഭയിൽ നിന്നു പുറത്താക്കുവാൻ പൌലൊസ് നിർദ്ദേശിക്കുന്നുണ്ട്. ഒരു പാപിയുടെ പാപ ജീവിതത്തെ കണ്ടില്ലെന്നു നടിക്കുന്നതു ശരിയല്ലെന്ന പാഠം അവരെ ബോധ്യപ്പെടുത്തുന്നു. ദൈവത്തിനു മഹത്വം കൊടുക്കേണ്ടതിനായി ഉപയോഗിക്കേണ്ട ശരീരം പാപത്തിനു ഏല്പിച്ചുകൊടുക്കരുത് (1 കൊരിന്ത്യർ 6:19; 10:32).

പരസ്യമായ പാപ ജീവിതത്തെ തുറന്നു ശാസിക്കുക എന്ന തത്വം നമ്മെ ബൈബിൾ പഠിപ്പിക്കുന്നുണ്ട്. മററുള്ളവർക്കു ഭയം ഉണ്ടാകേണ്ടതിനും അവർ പാപത്തിനു ഇരയായി തീരാതിരിക്കേണ്ടതിനുമാണ് അങ്ങനെ ചെയ്യേണ്ടതു (1 തിമൊഥെയൊസ് 5:20). ആളുകളുടെ പാപ സ്വഭാവം സഭയ്ക്കു ഇടർച്ച വരാതെ നോക്കണം. അച്ചടക്കത്തിനു കർശന നിർദ്ദേശം കൊടുക്കുന്ന പൌലൊസ്, അയാൾ മാ

നസാന്തരപ്പെട്ടു വന്നാൽ ക്ഷമിക്കണമെന്നു പറഞ്ഞിരിക്കു ന്നു. ഭൂരിപക്ഷം അവനെ അച്ചടക്കത്തിനു വിധേയനാക്കി യതുകൊണ്ടു പാപി തൻെറ പാപ ജീവിതത്തെ മാററി കഴി യുമ്പോൾ അവൻ അതി ദുഃഖത്താൽ മുങ്ങിപ്പോകാതിരി ക്കേണ്ടതിനു നിങ്ങൾ അവനോടു ക്ഷമിക്കയും അവനെ ആ ശ്വസിപ്പിക്കയും തന്നേ വേണ്ടതു (2 കൊരിന്ത്യർ 2:7).

## പാപിക്കു വേണ്ടിയുള്ള ഉൾപ്പെടുത്തൽ

സഭയുടെ ഉത്തരവാദിത്വവും പ്രതിപ്രവർത്തനവും എന്നതിനേക്കാൾ കൂടുതൽ ഇതിൽ ഉൾപ്പെടുന്നില്ലേ എന്നു നാം ചിന്തിക്കണം. പാപിയെ സംബന്ധിച്ച് അയാൾ പാപം ചെയ്തു ഇനി മാനസാന്തരമാണ് അയാൾക്കുള്ള കർത്തവ്യം. തെററിൽ അകപ്പെടുന്നവർക്കു സഭ ഒരു ഭാര മായി തോന്നാത്ത വിധത്തിൽ വേണം അത്തരം പ്രശ്ന പ രിഹാരം കണ്ടെത്തുവാൻ. അയാളെ അമിത ദുഃഖത്തിലേക്കു മാററിയാൽ അയാളെ നേടുവാൻ കഴിഞ്ഞെന്നു വരികയില്ല. അതേ സമയം പാപി, തൻെറ പാപ സ്വഭാവം നീക്കി കള യുകയും തിരിച്ചു നടക്കുകയും വേണം.

## യോഹന്നാൻെറ (മർക്കോസ്) സംഭവം

യോഹന്നാൻ എന്ന മർക്കൊസിൻെറ സംഭവം എന്തെന്നാ ൽ അവൻ അപ്പൊസ്തലന്മാരുടെ കൂടെ യാത്ര ചെയ്യുന്നതു ഒഴിവാക്കി യെരുശലേമിലേക്കു പോയി. എന്നാൽ അവർ വചനം അറിയിച്ച പട്ടണം തോറും വീണ്ടും ചെന്നു അവർ എങ്ങനെയിരിക്കുന്നു എന്നറിയേണ്ടതിനു പോകുവാൻ തീ രുമാനിച്ചു. അപ്പോൾ ബർന്നബാസ് യോഹന്നാൻ എന്ന മർക്കൊസിനെ കൂടെ കൊണ്ടു പോകാമെന്നു പറഞ്ഞു. എന്നാൽ ആദ്യം പ്രവർത്തിക്കു കൂടെ വരാതിരുന്നവനെ കൊണ്ടു പോകേണ്ട എന്നു പൌലൊസ് ശഠിച്ചു. 'അവനു തൻെറ തെററു മനസിലാക്കുവാൻ കുറെ സമയം കൊടുക്ക ണം എന്നതായിരിക്കാം പൌലൊസിൽ ഉണ്ടായിരുന്നതു.

പിന്നീട് അതേ പൌലൊസ് പറയുന്നതു ''മർക്കൊസ് എനിക്കു ശുശ്രൂഷക്കായി ഉപയോഗമുള്ളവൻ എന്നാണ്'' (2 തിമൊഥെയൊസ് 4:11).

## ശുശ്രൂഷകന്മാരെയും പരിശോധിക്കണം

ശുശ്രൂഷ ചെയ്യേണ്ട ആളുകൾക്കു പരിശുദ്ധാത്മാവ് ചില യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ട്. അവർ അതിനു തയ്യാറായിരിക്കണം, സ്വീകരിക്കണം, സമ്മതരായിരിക്കണം. അതിനു പുറമെ അവർ കുററമില്ലാത്തവരായിരിക്കേണം എന്നുള്ളതുകൊണ്ടു ആദ്യം അവരെ പരീക്ഷിക്കണം എന്നു പറഞ്ഞിരിക്കുന്നു (1 തിമൊഥെയൊസ് 3: 10). അവരുടെ രക്ഷയെ ചോദ്യം ചെയ്യുന്നതോ അവർ മററുള്ളവരേക്കാൾ കുറഞ്ഞവരോ ആയിട്ടല്ല. ഇടവകയുടെ വിശ്വാസം അവർ ആർജിക്കണം. അവരുടെ കഴിഞ്ഞ കാല സേവനവും ജീവിതവും സുസമ്മതമായിരിക്കണം എന്നർത്ഥം.

## അതിർ കവിഞ്ഞ പ്രവർത്തികൾ കുഴപ്പം സൃഷ്ടിക്കും

സാധാരണയായി കുഴപ്പങ്ങൾ ഉണ്ടാകുന്നത് അമിതാവേശ പ്രവർത്തികളാണ്. ഉദാഹരണമായി പാപത്തിൽ ജീവിക്കുന്നവർ ഹൃദയ കാഠിന്യത്താൽ മാനസാന്തരപ്പെടുവാൻ നിരസിക്കുന്നു. അല്ലെങ്കിൽ അവർ മാനസാന്തരപ്പെട്ടു വരുമ്പോൾ സ്വയ നീതീകരണമുള്ളവർ അവരോടു ക്ഷമിക്കാൻ തയ്യാറാകുന്നില്ല. ഇവർക്കു രണ്ടു പേർക്കുമിടയിൽ ശരിയായതു മറഞ്ഞു കിടക്കുന്നു. പെട്ടെന്നു തങ്ങളുടെ വികാരത്തെ മാററുവാൻ കഴിയുന്നില്ല എന്നതു മാനുഷിക ബലഹീനതയാണ്. എന്നാൽ ഒരു കാര്യം വളരെ വ്യക്തമാണ്; മാനസാന്തരം എല്ലാവർക്കും ആവശ്യമാണ്. മരണത്തിനുള്ള പാപവും മരണത്തിനല്ലാത്ത പാപവുമുണ്ട് (1 യോഹന്നാൻ 5:16).

★

YOUR ATTENTION PLEASE

# Radio Srilanka Broadcasts

GLISH- The Voice Of Truth- Speakers: **Reggi Gnanasundaram** And J.C.Choate Fridays: 7:45 to 8:00 p.m.All Correspondence should be sent to Post Box.3815 New Delhi-110049

NDI- Sathya Susamachar.Speaker- **Sunny David** At 8:45 p.m. on Sundays and 9:00 p.m on Thursdays
All Correspondence should be sent to Post Box.3815 New Delhi-110049

ANNADA- The Voice Of Truth. Speaker-**Robert Rathnakar**
Box. 448,Bangalore- 560004
Sundays: 1:45 to 2:00 p.m.

ALAYALAM- The Voice Of Truth. Speaker- **P.K.Varghese**
All Correspondence should be sent to
Post Box. 5540
Trivandrum 695034, Kerala, India
Fridays: 3:45 p.m.

AMIL- The Way Of Truth. Speaker- **P.R.Swamy**
At 6:45 p.m. on Sundays, 5:45 p.m. on Thursdays, and 5:30 p.m. on Fridays

ELUGU- The Voice Of Truth. Speaker- **Joshua Gootam**
At 2:00 p.m. on Mondays, Tuesdays, Thursdays, And Sundays. All Correspondence should Be sent to Post Box. 80, Kakinada 533001

**ALL ARE ENCOURAGED TO LISTEN**

Reg. No.K. Dis 90095/86/A8. Reg. No.KL/TV (N) 22/2001

JOIN US FOR WORSHIP

# THE CHURCH OF CHRIST MEETS

TO **worship** on
**Sundays at 10 a.m**
And for **Bible study**
On **Tuesdays at 6 p.m**
T.C.27/225
**THAMPURANMUKKU**
Trivandrum – 695037
**ALL ARE WELCOME**

All correspondence should be sent to The Editor
Bible Truth Post Box No.5540, Trivandrum-34, Kerala, India

**From**

**THE BIBLE TRUTH**
**Church Of Christ**
Thampuranmukku
**Trivandrum – 695037**
Kerala, India
Phone : 303378